മത്സ്യത്തൊഴിലാളി ക്ഷേമനിധി.
ഖാദി തൊഴിലാളി ക്ഷേമനിധി.

ആധാരമെഴുത്തുകാർക്കും സ്റ്റാമ്പുവിൽപ്പനക്കാർക്കുമുള്ള ക്ഷേമനിധി, അംഗനവാടി ജീവനക്കാർക്കും ഹെൽപ്പേഴ്സിനുമുള്ള ക്ഷേമനിധി, ലോട്ടറി ഏജൻസിക്കുമുള്ള ക്ഷേമനിധി,

അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്കുള്ള ക്ഷേമനിധി.

(സി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമപദ്ധതി 1991 വർഷത്തിൽ നിലവിൽവന്നു.

(ഡി) ടാക്സി കാറുകൾ ഉൾപ്പെടെ ചെറുകിട വാഹനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ നിലവിലുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽവരുന്നവരാണ്.

(ഇ) ഇക്കാര്യത്തെക്കുറിച്ച് വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**63 (972) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ**

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ ഏതെല്ലാം;

(ബി) ഇവ ഓരോന്നിനും പ്രത്യേക ബോർഡ് ചെയർമാൻ, ഓഫീസ്, ഓഫീസ് സ്റ്റാഫ്, കാൻ എന്നിവയ്ക്ക് വേണ്ടി വരുന്ന ചെലവുകൾ കുറയ്ക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇതിനായി ഈ ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ താഴെ പറയുന്നവയാണ്.

1. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
4. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള ബിൾഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്.
6. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.
7. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
8. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.
10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
11. കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്.

LIBRARY ARCHIVES Kerala Legislative Assembly

12. കേരള ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡ്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

**64 (973) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡിൽ അംഗത്വം**

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡിൽ എത്ര തൊഴിലാളികൾ 30-11-1999 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) നിർമ്മാണ മേഖലയുമായി ബന്ധമില്ലാത്തവർ ഈ ക്ഷേമ പദ്ധതിയിൽ ധാരാളമായി ചേരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർമ്മാണ മേഖലയുമായി ബന്ധമില്ലാത്തവർ ക്ഷേമ നിധിയിൽ അംഗമാകുന്നത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 7,31,622 പേർ.

(ബി)

| | <u>ജില്ല</u> | <u>തൊഴിലാളികൾ</u> |
|---|---|---|
| 1. | തിരുവനന്തപുരം | 1,07,142 |
| 2. | കൊല്ലം | 42,239 |
| 3. | പത്തനംതിട്ട | 31,701 |
| 4. | ആലപ്പുഴ | 39,209 |
| 5. | കോട്ടയം | 32,663 |
| 6. | ഇടുക്കി | 20,286 |
| 7. | എറണാകുളം | 64,485 |
| 8. | തൃശൂർ | 67,653 |
| 9. | പാലക്കാട് | 75,657 |
| 10. | മലപ്പുറം | 61,778 |
| 11. | കോഴിക്കോട് | 69,211 |
| 12. | വയനാട് | 9,929 |
| 13. | കണ്ണൂർ | 85,685 |
| 14. | കാസർഗോഡ് | 23,984 |

(സി) ഇല്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly